**No.U1/80306 /2015/PHQ**
**പോലീസ് ആസ്ഥാനം, കേരളം**
**തിരുവനന്തപുരം - 10**
**തീയതി: 02/06/2015**

**എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ : 07/2015**

**വിഷയം -** വാഹന പരിശോധനയുടെ പേരിലുള്ള അനാവശ്യ അസൗകര്യങ്ങളും, വിവാദങ്ങളും ഉണ്ടാകുന്നത് തടയുന്നതിനു വേണ്ടിയുള്ള നടപടികൾ സംബന്ധിച്ച്.

സൂചന: 1.സർക്കുലർ നമ്പർ 05/2012 തീയതി 18/03/2012
2. 06/2012 തീയതി 28/03/2012
3. 11/2012 തീയതി 04/06/2012
4. 11/2013 തീയതി 09/05/2013
5. എക്സിക്യൂട്ടീവ് ഡയറക്ടീവ്സ് നമ്പർ 10/2009 തീയതി 18/09/09 & 17/2002 തീയതി 17/10/2002

വാഹന പരിശോധന നടത്തുന്നത് നിരവധി കാരണങ്ങളാൽ ഒഴിവാക്കാനാകാത്ത ഒരു പോലീസ് കർത്തവ്യമാണ്. ഒന്നാമതായി, ഗതാഗത അപകടങ്ങൾ ഇല്ലാതാക്കുക, രണ്ടാമതായി, നിയമവിരുദ്ധമായ (ലൈസൻസ്, ഇൻഷുറൻസ് എന്നിവ ഇല്ലാതിരിക്കൽ, മോഷണ വാഹനങ്ങൾ) വാഹന ഉപയോഗം തടയുക, കുറ്റവാളികളുടെ സുഗമമായ സഞ്ചാരം ഇല്ലാതാക്കുക, സുരക്ഷാപരമായ കാരണങ്ങളാലുള്ള ആയുധങ്ങൾ, സ്ഫോടകവസ്തുക്കൾ എന്നിവയുടെ കടത്തൽ തടയുക, മയക്കുമരുന്നുപോലുള്ള സാധനങ്ങളുടെ കടത്തൽ തടയുക, ഏതെങ്കിലും വിധത്തിലുള്ള തട്ടികൊണ്ടു പോകൽ, തുടങ്ങിയ കുറ്റകൃത്യങ്ങൾ എന്നിവയെല്ലാം വാഹനപരിശോധനയുടെ ലക്ഷ്യങ്ങളാണ്. എന്നാൽ പലപ്പോഴും വാഹന പരിശോധന നടത്തുന്നത് മേൽപറഞ്ഞ കാര്യങ്ങൾക്കല്ലാതെ നിയമവിരുദ്ധമായി ജനങ്ങളിൽ നിന്നും പണം പിരിക്കുന്നതിനാണ് എന്ന ഒരു തെറ്റിദ്ധാരണ ഉണ്ടാകുന്നുണ്ട്. ചിലപ്പോഴെങ്കിലും വാഹന പരിശോധനയുടെ പേരിൽ ദുരന്തങ്ങളും ഉണ്ടാകാറുണ്ട്. എങ്ങനെയെല്ലാം വാഹനപരിശോധന നടത്തണമെന്ന് കൃത്യമായ നിർദ്ദേശങ്ങൾ സൂചന പ്രകാരമുള്ള സർക്കുലറുകളിൽ നൽകിയിട്ടുള്ളതാണ്. അവയെല്ലാം ക്രോഡീകരിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ വാഹന പരിശോധനയ്ക്കായി കർശനമായി നടപ്പിൽ വരുത്തുവാൻ നിർദ്ദേശിക്കുന്നു.

1. സാധാരണ നിലയിൽ ഓരോ പോലീസ് ജില്ലയിലും പകലും, രാത്രിയും വാഹന പരിശോധന നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പേര്, സ്ഥാനപേര്, അവർ ഉപയോഗിക്കുന്ന വാഹനത്തിന്റെ നമ്പർ എന്നിവ അതാത് ദിവസം രാവിലെ ജില്ലാ പോലീസ് കൺട്രോൾ റൂമിൽ അറിയിക്കുകയും, ഏതെല്ലാം സ്ഥലങ്ങളിലാണ് ഏതെല്ലാം ഉദ്യോഗസ്ഥർ വാഹന പരിശോധനയിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് അതാത് ജില്ലാ പോലീസ് മേധാവിമാരും, ജില്ലാ പോലീസ് കൺട്രോൾ റൂമും കൃത്യമായി മനസിലാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഇങ്ങനെ ഏർപ്പെടുത്തിയിട്ടുള്ള ഓഫീസർമാരിൽ കൂടുതലായി ഏതെങ്കിലും ഗൗരവമുള്ള കുറ്റകൃത്യങ്ങളെ തുടർന്നോ മറ്റോ ഉള്ള പ്രത്യേക സാഹചര്യത്തിൽ വാഹന പരിശോധന ഏർപ്പെടുത്തേണ്ടി വന്നാൽ, അതല്ലെങ്കിൽ ഫീൽഡിലുള്ള ഏതെങ്കിലും ഓഫീസർമാർ വാഹന പരിശോധന നടത്തേണ്ട ആവശ്യം വന്നാൽ, അക്കാര്യം ഉടൻതന്നെ ജില്ലാ പോലീസ് കൺട്രോൾ റൂമിൽ അറിയിക്കേണ്ടതും, അതിനുശേഷം വാഹന പരിശോധന നടത്തേണ്ടതുമാണ്.

3. ഇത്തരത്തിൽ അനുവാദം ലഭിച്ചിട്ടുള്ള ഓഫീസർമാരൊഴികെ മറ്റെതെങ്കിലും ഓഫീസർമാർ വാഹനപരിശോധന നടത്തുന്നതായി കണ്ടാൽ ഉടൻതന്നെ ഒരു വിശദമായ അന്വേഷണം നടത്തേണ്ടതും, മതിയായ സാഹചര്യം ഇല്ലതെയാണ് അത്തരം വാഹന പരിശോധന നടന്നതെന്ന് മനസിലാക്കിയാൽ അത് നടത്തിയ എല്ലാ ഉദ്യോഗസ്ഥർക്കെതിരെയും ശിക്ഷാനടപടികൾ എടുക്കേണ്ടതുമാണ്.

4. ഏറ്റവും അടിയന്തിര സാഹചര്യങ്ങളിലൊഴികെ വാഹന പരിശോധനയ്ക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ എല്ലാപേരും അവരുടെ കൈവശമുള്ള പണം പരിശോധനയ്ക്കു പോകുന്നതിനു മുൻപായി അതാത് കൺട്രോൾറൂം ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, ആയത് അതാത് ജില്ലാ പോലീസ് കൺട്രോൾ റൂമിൽ സൂക്ഷിക്കേണ്ടതുമാണ്. ഹൈവേ പട്രോൾ വാഹനങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ പ്രവേശിക്കുമ്പോൾ അവർ വാഹനപരിശോധന നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലവും, സമയവും, കൈവശമുള്ള പണം തുടങ്ങിയ വിവരങ്ങൾ വ്യക്തമായി പോലീസ് ആസ്ഥാനത്തെ **ഹൈവേ അലർട്ട് കൺട്രോളിൽ** (9846100100) അറിയിക്കേണ്ടതാണ്.

5. ഇത്തരം വിവരങ്ങൾ പരമാവധി ഒരാഴ്ചവരെ സൂക്ഷിച്ചു വെയ്ക്കേണ്ടതുമാണ്.

6. മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വാഹന പരിശോധന ഏർപ്പെടുത്തേണ്ടതും, വാഹന പരിശോധനയിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർ ശരിയായ വിധത്തിൽ യൂണീഫോം ധരിച്ചിരിക്കേണ്ടതുമാണ്. ഷർട്ടിന്റെ ബട്ടൻസ് തുറന്നിടുക, തലയിൽ തൊപ്പി വെയ്ക്കാതിരിക്കുക, അതല്ലെങ്കിൽ തൊപ്പി കക്ഷത്തിലോ, മറ്റെവിടെയെങ്കിലും വെയ്ക്കുക തുടങ്ങിയ പ്രവണതകൾ ഒരു കാരണവശാലും ഉണ്ടാകരുത്. അവരെ തിരിച്ചറിയാൻ സഹായിക്കുന്ന വിധത്തിൽ അവരുടെ പേര്, ഉദ്യോഗപേര് എന്നിവ യൂണീഫോമിൽ പ്രദർശിപ്പിക്കേണ്ടതാണ്.

7. അതാത് ജില്ലാ പോലീസ് മേധാവിമാർ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് മുഖാന്തിരവും, അല്ലാതെയുള്ള വിവരശേഖരണം വഴിയും ഈ നിബന്ധനകൾ പാലിച്ചാണോ വാഹന പരിശോധന നടക്കുന്നതെന്നും, അനധികൃതമായി വാഹനപരിശോധന നടത്തുന്നുണ്ടോയെന്നും ഇടയ്ക്കിടെ നിരീക്ഷിക്കേണ്ടതാണ്.

8. വാഹന ഗതാഗതം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അടിയന്തിര ആവശ്യത്തിനല്ലാതെ ഒരു കാരണവശാലും ഇത്തരം വാഹന പരിശോധന നടത്തരുത്. അതുപോലെ ഇടുങ്ങിയ റോഡുകൾ, വളവുകൾ എന്നിവിടങ്ങളിലും തികച്ചും അടിയന്തിര സാഹചര്യമില്ലാതെ വാഹന പരിശോധന നടത്താൻ അനുവദിക്കരുത്.

9. അപകടങ്ങൾ പരമാവധി കുറയ്ക്കുക എന്നുള്ളതാണ് വാഹന പരിശോധനകൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്. അതല്ലാതെ പെറ്റി കേസുകളുടെ എണ്ണം തികയ്ക്കുക എന്നതായിരിക്കരുത്.

10. വാഹന അപകടങ്ങൾക്ക് കാരണമാകുന്ന കുറ്റകൃത്യങ്ങളായ പെട്ടെന്നുള്ള 'U' ടേൺ തിരിയൽ, അമിത വേഗത, അപകടകരമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ, ഇടതു വശത്തുകൂടിയുള്ള ഓവർ ടേക്കിംഗ്, ഗതാഗത സിഗ്നൽലംഘനം, അപകടം ജനിക്കുന്ന രീതിയിലുള്ള വാഹനം പാർക്ക് ചെയ്യൽ, രാത്രികാലങ്ങളിൽ

വാഹനത്തിലെ ഹെഡ്ലൈറ്റിന്റെ തീവ്രത കുറയ്ക്കാതിരിക്കുക തുടങ്ങിയവയായിരിക്കണം വാഹന പരിശോധനയിൽ പ്രഥമ പരിഗണന നൽകേണ്ടത്.

11. ഒരു വാഹനം പരിശോധനയ്ക്കായി വിധേയമാക്കുമ്പോൾ വാഹനം ഓടിക്കുന്നയാൾ പുരുഷനാണെങ്കിൽ 'സർ' എന്നോ 'സുഹൃത്ത്' എന്നോ, സ്ത്രീയാണെങ്കിൽ 'മാഡം' എന്നോ, 'സഹോദരി' എന്നോ അഭിസംബോധന ചെയ്യാവുന്നതാണ്.

12. വാഹന പരിശോധന നടത്തുന്ന സമയം എല്ലാപേരോടും, വളരെ മാന്യമായ രീതിയിൽ പെരുമാറേണ്ടതും പ്രത്യേകിച്ചും, സ്ത്രീകൾ മാത്രമായോ, കുടുംബാഗങ്ങളോടൊപ്പമോ അല്ലെങ്കിൽ മുതിർന്ന പൗരന്മാർ മാത്രമായോ വാഹനം ഓടിച്ചുപോകുന്ന സന്ദർഭങ്ങളിൽ വാഹനം നിയമപരമായ പരിശോധനയ്ക്കായി വിധേയമാക്കുമ്പോൾ തികച്ചും മാന്യമായ പെരുമാറ്റം ഉറപ്പു വരുത്തേണ്ടതാണ്. ഒരു കാരണവശാലും അനാവശ്യമായ ബുദ്ധി മുട്ടുകൾക്ക് അവരെ വിധേയരാക്കരുത്. ഗതാഗത സുരക്ഷയ്ക്കായുള്ള ലഘുലേഖകൾ ഇവർക്കു നൽകി അവരെ ഗതാഗത സുരക്ഷയെപ്പറ്റി ബോധവാന്മാരാക്കാവുന്നതാണ്.

13. വാഹനപരിശോധന നടത്തുന്ന സമയം കണ്ടെത്തിയ നിയമലംഘനം എന്താണെന്നും, അതിന് നിയമപരമായി അവർ ഒടുക്കേണ്ട പിഴ എന്താണെന്നും, മോട്ടോർ വാഹനനിയമത്തിലെ ഏത് സെക്ഷൻ പ്രകാരമാണ് പിഴ ചുമത്തിയതെന്നും, ഇക്കാര്യത്തിൽ തൽസമയം പിഴ അടയ്ക്കാതെ കോടതിയിൽ പോകാൻ താല്പര്യമുണ്ടെങ്കിൽ അവർക്ക് അതിന് അവകാശമുണ്ടെന്നും അവരെ അറിയിക്കേണ്ടതാണ്.

14. വാഹന പരിശോധനയ്ക്കിടയിൽ ഒരു കാരണവശാലും ആത്മ നിയന്ത്രണം വിട്ടുകൊണ്ട് യോഗ്യമല്ലാത്ത രീതിയിൽ പെരുമാറാനോ, ആരെയും ദേഹോപദ്രവം ഏൽപ്പിക്കുവാനോ പാടുള്ളതല്ല. കഴിയുന്നത്ര സന്ദർഭങ്ങളിൽ ഇത്തരം സംഭവങ്ങൾ മൊബൈൽ ഫോണിലോ, കൈവശമുള്ള വീഡിയോ ക്യാമറകളിലോ പകർത്താവുന്നതാണ്.

15. വാഹന പരിശോധനയിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനെ അപമാനിക്കുന്ന രീതിയിലും ദേഹോപദ്രവം ഏൽപ്പിക്കുന്ന

രീതിയിലും ഉള്ള പെരുമാറ്റം ഉണ്ടായാൽ നിയമാനുസൃതമായ നടപടി മേലുദ്ദ്യോഗസ്ഥരുമായി ആലോചിച്ച് എടുക്കാവുന്നതാണ്.

16. തികച്ചും നിയമാനുസൃതവും, സുതാര്യവുമായ രീതിയിലായിരിക്കണം പോലീസുദ്ദ്യോഗസ്ഥർ വാഹനപരിശോധനാ വേളയിൽ പെരുമാറേണ്ടത്. നിയമപരമല്ലാതെ അനാവശ്യമായി വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുന്നതും, വാഹനം ഓടിക്കുന്നവർക്ക് സമയ നഷ്ടം ഉണ്ടാകുന്ന രീതിയിലുള്ള പരിശോധനയും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ഒരു സംസ്ഥാനത്തെ സാംസ്ക്കാരിക നിലവാരം പലപ്പോഴും വിലയിരുത്തപ്പെടുന്നത് അവിടങ്ങളിലെ ഗതാഗത നിയന്ത്രണ രീതികളിലും തൽസമയം കാണുന്ന പോലീസ് ശൈലികളിലുമാണ്. കേരളസംസ്ഥാനത്തിന്റെ യശസ്സ് ഉയർത്താൻ പ്രത്യേകിച്ചും വിദേശ സന്ദർശകർക്കും, അന്യസംസ്ഥാന അതിഥികൾക്കും കേരളപോലീസിന്റെ പ്രവർത്തനശൈലിയിൽ മതിപ്പുയർത്താൻ ഉതകുന്ന മാതൃകാപരമായ ഗതാഗത നിയന്ത്രണ പരിശോധന സമ്പ്രദായങ്ങൾ കൈക്കൊള്ളുവാൻ എല്ലാ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ടി പി സെൻകുമാർ ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ്

എല്ലാ ലിസ്റ്റ് 'ബി' ഓഫീസർമാർക്കും
അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി

പകർപ്പ്: പോലീസ് ആസ്ഥാനത്തെ എല്ലാ ഓഫീസർമാരുടെയും
അറിവിലേക്ക്

Received for Tx only
Local Delivery
02 JUN 2015
1140